കിഞ്ചിത് കരോത്യുർവ്വപിയത് സ്വദത്തം
സുഹൃത്കൃതം ഫല്ഗ്വപി ഭൂരികാരീ
മയോപനീതാം പൃഥു കൈകമുഷ്ടിം
പ്രത്യഗ്രഹീത് പ്രീതിയുതോ മഹാത്മാ (10-81-35)
ഭക്തായ ചിത്രാ ഭഗവാൻ ഹി സംപദോ
രാജ്യം വിഭൂതിർന്ന സമർത്ഥയത്യജ:
അദീർഘ ബോധായ വിചക്ഷണ: സ്വയം
പശ്യൻ നിപാതം ധനിനാം മദോദ് ഭവം (10-81-37)

*കൃഷ്ണൻ കുചേലനോടു പറഞ്ഞു:*
പ്രിയമിത്രമേ, എനിക്കായി എന്ത് സമ്മാനവും കൊണ്ടാണങ്ങു വന്നിട്ടുള്ളത്? എനിക്ക് വിലപിടിച്ചതും പൊങ്ങച്ചമേറിയതുമായ സമ്മാനങ്ങളിലൊന്നും താൽപര്യമില്ല. എന്റെ സദ്ഭക്തനിൽ നിന്നും ഒരിലയോ, പൂവോ, പഴമോ അല്ലെങ്കിൽ അൽപം ജലമോ കിട്ടിയാൽ ഞാൻ സംപ്രീതനായി.

*ശുകമുനി തുടർന്നു:*
താൻ കൊണ്ടു വന്ന ചെറിയ അവിൽപ്പൊതി പുറത്തെടുക്കാൻ കുചേലനു മടിയുള്ളതു കണ്ട്, തന്റെ ദരിദ്ര സുഹൃത്തിനെ സമ്പത്തും സൗഭാഗ്യവും സന്തോഷവും നൽകി അനുഗ്രഹിക്കാനുള്ള വ്യഗ്രതകൊണ്ട് കൃഷ്ണൻ കുചേലന്റെ മടിയിൽ നിന്നും അവിൽപ്പൊതി ബലമായി പിടിച്ചു വാങ്ങി. “ആഹാ, ഇതാണെനിക്കേറ്റവും പ്രിയം” എന്ന് പറഞ്ഞ് കൃഷ്ണൻ ആ അവിൽ വാരി തിന്നാൻ തുടങ്ങി. മറ്റൊരു പിടികൂടി വാരി വായിൽ ഇടാൻ തുടങ്ങുമ്പോൾ രുഗ്മിണി അദ്ദേഹത്തെ തടഞ്ഞു. കൃഷ്ണൻ ലോകസമ്പത്തു മുഴുവൻ ഒരു പിടി അവിലിന് പകരമായി നൽകി കഴിഞ്ഞിരുന്നു.

കൃഷ്ണനുമായി ഒരു രാത്രി പഴയകഥകൾ പറഞ്ഞും ഭഗവാന്റെ പരമാനന്ദ സാമീപ്യാനുഗ്രഹം നുകർന്നും കുചേലൻ കൊട്ടാരത്തിൽ കഴിഞ്ഞു. രാവിലെ സ്വഗൃഹത്തിലേക്ക് പുറപ്പെട്ടു. ഭഗവാന്റെ ഭക്തപ്രേമം, വിനയം, ബ്രാഹ്മണഭക്തി, പരമസൗഹൃദം, അഭിഗമ്യത എല്ലാറ്റിനെയും പറ്റിയോർത്ത് കുചേലൻ നടന്നു. പെട്ടെന്നദ്ദേഹം ഓർമ്മിച്ചു. ഭഗവാൻ ഒന്നും തന്നയച്ചില്ലല്ലോ. എന്നാൽ പെട്ടെന്ന് തന്നെ സ്വയം പറഞ്ഞു. “കൃഷ്ണൻ എനിക്ക് സമ്പത്തൊന്നും തന്നനുഗ്രഹിക്കാത്തതു ശരിതന്നെ. എന്നേപ്പോലെ ദരിദ്രനായൊരുവന് സമ്പത്തു തന്നനുഗ്രഹിച്ചാൽ ഞാൻ അദ്ദേഹത്തെ മറക്കാനിടയായേക്കും”.

ദരിദ്രനായ ആ ബ്രാഹ്മണൻ തന്റെ ഗ്രാമത്തിലെത്തിയപ്പോൾ അവിടമാകെ മാറിയിരിക്കുന്നു. അദ്ദേഹത്തിന്റെ വീടൊരു കൊട്ടാരമായിരിക്കുന്നു. കല്ലുകളും, മുത്തുകളും, രത്നങ്ങളും പതിച്ച ആനക്കൊമ്പും സ്വർണ്ണവും കൊണ്ടലങ്കരിച്ച കമനീയമായൊരു കൊട്ടാരം. ചിത്രപ്പണികളുള്ള ദീപസ്തംഭങ്ങളിൽ നിന്നും തൂക്കിയിട്ട രത്നങ്ങളിൽ നിന്നും പ്രഭപരന്നു. ചുവരുകൾ സ്ഫടികനിർമ്മിതം. വീട്ടിലെ സ്ത്രീകൾ വിലയേറിയ ആടയാഭരണങ്ങൾ അണിഞ്ഞിരിക്കുന്നു. ഇതെല്ലാം കൃഷ്ണന്റെ അനുഗ്രഹം മാത്രമാണെന്ന് കുചേലൻ മനസ്സിലാക്കി. എന്തദ്ഭുതം! അദ്ദേഹമാലോചിച്ചു. ഇതൊന്നും അദ്ദേഹം എന്നോട് സൂചിപ്പിക്കുകപോലും ചെയ്തില്ല. എന്നാൽ ആ നിന്തിരുവടിക്കായി കൊണ്ടുപോയ അവിൽ പൊതിയിൽനിന്നും എന്തെല്ലാമാണുണ്ടായിരിക്കുന്നത്. എന്നെന്നേക്കും അവിടുത്തെ ഭക്തനായും, സുഹൃത്തായും, സേവകനായും ജൻമജൻമാന്തരങ്ങൾ കഴിയാനിടവരട്ടെ. ഭഗവാൻ തീർച്ചയായും തന്റെ ഭക്തന് സമ്പദനുഗ്രഹം നൽകാൻ കഴിയും എന്നാൽ ആ അനുഗ്രഹം ഒരു ശാപമായി മാറിയേക്കാം എന്നുള്ളതുകൊണ്ട് ഭഗവാൻ അതു നൽകുന്നില്ല തന്നെ. അങ്ങിനെ സമാധാനിച്ച് ബ്രാഹ്മണൻ ഗൃഹസ്ഥാശ്രമജീവിതം തുടർന്നു. സുഖ സമ്പത്തുക്കളിൽ ആസക്തനാവാതെ ജീവിച്ച് അനുദിനം തന്റെ ഭക്തിവളർത്തി അദ്ദേഹം സുകൃതം നേടി. ഭഗവാന്റെ ബ്രാഹ്മണപ്രേമത്തിന്റെ ഈ കഥ ശ്രവിക്കുന്ന ഏവർക്കും ഭഗവൽപ്രേമമുണ്ടാവുന്നതാണ്. കർമ്മഫലങ്ങളും അവരെ തീണ്ടുന്നതല്ല.